**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 262** **08-10-2025 - ൽ മറുപടിയ്ക്ക്**

**തൊഴിൽ ചൂഷണങ്ങൾ അവസാനിപ്പിക്കാൻ നിയമ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്, ശ്രീ. ടി. സിദ്ദിഖ്, ശ്രീ. ഐ. സി. ബാലകൃഷ്ണൻ , ശ്രീമതി ഉമ തോമസ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തൊഴിൽ മേഖലയിലെ ചൂഷണം തടയുന്നതിനായി നിലവിൽ എന്തൊക്കെ നിയമങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് തൊഴിൽ മേഖലയിലെ ചൂഷണം തടയുന്നതിനായി വിവിധ നിയമങ്ങളും നിയമനിർമ്മാണ സംവിധാനങ്ങളും നിലവിലുണ്ട്. ഇവ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും തൊഴിലാളികൾക്ക് നിയമപരമായ നീതി ഉറപ്പാക്കാനും സഹായിക്കുന്നു. സംസ്ഥാന ലേബർ കമ്മീഷണറുടെ മേൽ നോട്ടത്തിൽ മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ, 14 ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)മാർ, 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ എന്നിവർ വിവിധ തൊഴിൽ മേഖലകളിൽ നിയമപ്രകാരമുള്ള പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് തൊഴിൽ മേഖലയിലെ ചൂഷണം തടയുന്നതിനായി നിലവിലുള്ള നിയമങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>മിനിമം വേജസ് ആക്ട് 1948, പേയ്മെന്റ് ഓഫ് വേജസ് ആക്ട് 1936, പേയ്മെന്റ് ഓഫ് ബോണസ് ആക്ട് 1965, പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് 1972, കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് 1960, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് 1961, മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് 1947, ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ്സ് (സ്റ്റാൻറിംഗ് ഓർഡർ) ആക്ട് 1946, ഈക്വൽ റെമ്യൂനറേഷൻ ആക്ട് 1976, ചൈൽഡ് ലേബർ (പ്രൊഹിബിഷൻ & റെഗുലേഷൻ) ആക്ട് 1986, കോൺട്രാക്ട് ലേബർ (റെഗുലേഷൻ & അബോളിഷൻ) ആക്ട് 1970, ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക് മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട് 1979, കേരള കാഷ്വൽ ടെമ്പററി ആന്റ് ബദലി വർക്കേഴ്സ് (വേജസ്) |

| | | | |
|---|---|---|---|
| | | | ആക്ട് 1989, കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് 1978, കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെൻറ്സ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട് 1958, കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് പേയ്മെൻറ് ഓഫ് ഫെയർ വേജസ് ആക്ട് 1971, കേരള പേയ്മെന്റ് ഓഫ് സബ്സിസ്റ്റൻസ് അലവൻസ് ആക്ട് 1972, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട് 1996, കേരള ബീഡി & സിഗാർ വർക്കേഴ്സ് (കണ്ടീഷൻസ് ഓഫ് എംപ്ലോയ്മെന്റ്) ആക്ട് 1966, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട് 1996, പ്ലാന്റേഷൻസ് ലേബർ ആക്ട് 1951, സെയിൽസ് പ്രൊമോഷൻ എംപ്ലോയീസ് (കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട് 1976, ട്രേഡ് യൂണിയൻസ് ആക്ട് 1976, വർക്കിംഗ് ജേർണലിസ്റ്റ്സ് ആന്റ് അദർ ന്യൂസ് പേപ്പർ എംപ്ലോയീസ് (കണ്ടീഷൻസ് ഓഫ് സർവ്വീസ് & മിസലേനിയസ് പ്രൊവിഷൻസ്) ആക്ട് 1995, എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് 1923. |
| (ബി) | ഐ. ടി. മേഖലയിലുൾപ്പെടെ തൊഴിൽ സമയം കഴിഞ്ഞും അവധി ദിവസവും അടക്കം ജീവനക്കാരെക്കൊണ്ട് അധികജോലി ചെയ്യിപ്പിക്കുന്ന സാഹചര്യം നിലനിൽക്കുന്നു എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഐ.ടി. സ്ഥാപനങ്ങളെല്ലാം ഇവർക്ക് ബാധകമായ തൊഴിൽ നിയമങ്ങളുടെ പരിധിയിൽ വരുന്നുണ്ട്. ഓരോ നിയമവും നൽകുന്ന സംരക്ഷണം ജീവനക്കാർക്ക് ലഭിക്കുന്നുണ്ടോ എന്ന് തൊഴിൽ വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. ഐ.ടി. മേഖല ഉൾപ്പെടെയുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ തൊഴിൽ സമയം കഴിഞ്ഞും അവധി ദിവസവും അടക്കം ജീവനക്കാരെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുന്ന സാഹചര്യം നിലനിൽക്കുന്നതായി വ്യാപകമായ പരാതികൾ ലഭിച്ചിട്ടില്ല. തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ലഭിച്ച ഇത്തരത്തിലുള്ള പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, ഐ.ടി. മേഖലയിലും മറ്റ് സ്വകാര്യ സ്ഥാപനങ്ങളിലും അധിക സമയം ജോലി ചെയ്യുന്ന ജീവനക്കാർക്ക് പരാതികളുടെയും പരിശോധനകളുടെയും അടിസ്ഥാനത്തിൽ ഓവർടൈം വേതനം ലഭിക്കുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടാൽ നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുകയും തൊഴിലുടമകൾക്കെതിരെ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം കേസ് ഫയൽ ചെയ്യുകയും ചെയ്യാറുണ്ട്. |
| (സി) | ഇത്തരത്തിലുള്ള തൊഴിൽ ചൂഷണങ്ങൾ അവസാനിപ്പിക്കാൻ നിയമ നിർമ്മാണം ആലോചനയിലുണ്ടോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ വിവിധ മേഖലകളിലെ തൊഴിൽ ചൂഷണങ്ങൾ തടയുന്നതിനായി നിലവിലുള്ള തൊഴിൽ നിയമങ്ങൾ പര്യാപ്തമാണ്. സംസ്ഥാനത്തെ വിവിധ |

| | | | |
|---|---|---|---|
| | | | മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കായി അവധി, വിശ്രമ സമയം, തുടങ്ങിയ തൊഴിൽ അവകാശങ്ങൾ ഏകീകൃതമായി ഉറപ്പാക്കുന്നതിനായി 1960 ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1958 ലെ നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ് നിയമം എന്നിവയിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ തങ്ങളുടെ അധികാര പരിധിയിൽ Routine സ്ഥാപന പരിശോധനകളും centralised inspection system മുഖാന്തിരമുള്ള പരിശോധനകളും നടത്തിവരുന്നുണ്ട്. തൊഴിൽ സമയം കഴിഞ്ഞും അവധി ദിവസം അടക്കം ജോലി ചെയ്യിക്കുന്നു എന്ന പരാതികൾ ലഭിക്കുന്ന മുറയ്ക്കും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ